93 ആഗസ്റ്റ് 4 [illegible]



**മലനിരകൾക്കു പുതപ്പ്:** അനന്തതയിൽനിന്ന് ഇറങ്ങിവന്നു മലമടക്കുകളെ വാരിപ്പുണരുന്ന കോടമഞ്ഞ്. പ്രകൃതിയുടെ ഭാവം മാറിയപ്പോൾ വയനാടൻ ഗ്രാമസുന്ദരി സദാസമയവും കോടയുടെ മൂടുപടത്തിൽ മുഖമൊളിച്ച് ഇരിപ്പാണ്. ചുരം കയറി എത്തുന്നവരുടെ മിഴിയിണകൾ തഴുകുന്ന ഈ കുസൃതിക്കാരൻെറ അനുവാദമില്ലാതെ പലപ്പോഴും വയനാടിൻെറ മടിത്തട്ടിലൂടെ കടന്നുപോകാനാവില്ല. ഞൊടിയിടയിലാവും കൺമുമ്പിൽ പുകമറപോലെ പ്രത്യക്ഷപ്പെടുന്നത്. പിന്നെ വാഹനങ്ങൾക്കു ലൈറ്റിട്ടാൽപോലും വഴിതെളിഞ്ഞു കാണില്ല. മഴ കനത്തതോടെ അപകട സാധ്യത ഏറിയ ചുരവും താഴ്വാരങ്ങളും വിഴുങ്ങാൻ കുതിക്കുന്ന കോടമഞ്ഞാണ് ചിത്രത്തിൽ.

# മഴ കുറവ്: ശൈത്യം അതിശക്തം

കൽപ്പററ: മൂടിക്കെട്ടിയ ആകാശം. ദുർബലമെങ്കിലും ഇടതടവില്ലാതെ പെയ്യുന്ന മഴ. വൈകുന്നേരമാകുന്നതോടെ തുടങ്ങുന്ന തണുപ്പ് രാത്രിയുടെ യാമങ്ങളിൽ കരുത്താർജിക്കുന്നു. പിന്നെ നേരം പുലരുമ്പോഴേക്കും അസ്ഥികളിലേക്ക് അരിച്ചിറങ്ങുന്ന തണുപ്പിൻെറ തടവറയിലാണ് ഇക്കുറി വയനാട്.

തിരുവാതിര ഞാറ്റുവേല ദിനത്തിൽ ഇത്തവണ വയനാട്ടിൽ മഴ ചാറിയതുപോലുമില്ല. പുണർതത്തിലാകട്ടെ മഴ ദുർബലമായിരുന്നു. കുറച്ചു ദിവസമായി മഴ തോരാതെ പെയ്യുന്നുണ്ടെന്നതു ശരി. എന്നാൽ തുള്ളിക്കൊരു കുടമെന്ന മട്ടിൽ ഇക്കുറി ഒറ്റ ദിവസം പോലും ജില്ലയിൽ മഴ പെയ്തിട്ടില്ലെന്നതാണ് വാസ്തവം.

അതുകൊണ്ട് ഇനിയും ഉറവ പൊട്ടിയിട്ടില്ല. കിണറുകൾ ഇപ്പോഴും വറ്റിക്കിടക്കുന്നു. പുൽപ്പള്ളി, ബത്തേരി ഭാഗങ്ങളിൽ പലരും കുളങ്ങളിൽനിന്ന് വെള്ളം തേകിയാണ് ഇക്കുറി വയൽ പണി പോലും നടത്തിയത്. അതുകൊണ്ടുതന്നെ നെൽക്കൃഷി ഇക്കുറി വിജയിക്കുമോയെന്ന് സംശയമാണുതാനും.

ഒറ്റ മഴയ്ക്ക് വെള്ളം കയറുന്ന കോട്ടത്തറ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ഇന്നലെയാണ് ആദ്യമായി വെള്ളമുയർന്നത്. കഴിഞ്ഞ വർഷം വയനാട്ടിൽ ജൂൺ മാസത്തിൽ തന്നെ വെള്ളപ്പൊക്കവും തുടർന്ന് മലയിടിച്ചിലുമുണ്ടായി.

കോഴിക്കോട് ഉൾപ്പെടെയുള്ള അയൽ ജില്ലകളിൽ ശക്തമായ മഴ പെയ്തപ്പോഴൊക്കെ ഇക്കുറി വയനാട്ടിൽ നല്ല തോർച്ചയായിരുന്നു. കാലാവസ്ഥ നിരീക്ഷകരുടെ കണക്കുകൾ പ്രകാരവും ഏറ്റവും കുറച്ചു മഴ പെയ്തത് വയനാട്ടിലാണ്. മുൻ വർഷങ്ങളിൽ കിട്ടിക്കൊണ്ടിരുന്ന മഴയേക്കാൾ ഏറെ കുറവ്.

ബത്തേരി, മാനന്തവാടി താലൂക്കുകൾക്കാണ് മഴക്കുറവ് മൂലം കൂടുതൽ ഭീഷണി. സാധാരണ തോതിൽ മഴ പെയ്യുമ്പോൾപോലും കുടിവെള്ളത്തിന് ബുദ്ധിമുട്ടാറുള്ളതാണ് ഈ പ്രദേശങ്ങൾ.

മഴയും തണുപ്പും ഏറെ രോഗങ്ങളും ജില്ലയ്ക്ക് സംഭാവന ചെയ്യുന്നു. കാലാവസ്ഥയിലുള്ള മിന്നൽ മാറ്റങ്ങൾ മൂലം പനിയും ഫ്ളൂവും വ്യാപകമാകുന്നു. അഴുക്കുവെള്ളത്തിലൂടെ വീൽസ് രോഗവും പകരുന്നു.

വയനാട്ടിലെ സാധാരണ കാലാവസ്ഥ പോലും ആസ്ത്മാ രോഗികൾക്ക് പിടിക്കാറില്ല. ഇത്തവണത്തെ കഠിനമായ തണുപ്പ് അവർക്ക് ദുസ്സഹമായിരിക്കുന്നു.

# ക്

ട്രൈ
കൾ
സമി
ജില്ല
വിത
ിക്കാ
ആധ്യ

ൻസ
ഉയർ
കൃതരു
കാൺ
ത്തുന്ന
സ്വത
ന്ന നട
. ദേവ
യാജക

# 'ജില്ലയിൽ ടൂറിസം വേണ്ട'

കൽപ്പറ്റ: വയനാട് വിനോദസഞ്ചാരമുക്തമാക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെട്ടു. ടൂറിസം വയനാടിന് ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ കലക്ടർ വിളിച്ചുചേർത്തതിലാണ് ഈ ആവശ്യം ഉന്നയിച്ചത്.

ടൂറിസം വികസനം പൂക്കോട് തടാകത്തെയും പരിസരത്തെയും കടുത്ത പാരിസ്ഥിതിക തകർച്ചയിൽ എത്തിച്ചിരിക്കുകയാണ്. താകക്കരയിലെ കെട്ടിടങ്ങളെല്ലാം പൊളിച്ചുമാറ്റുകയും അവിടേക്കു വാഹനഗതാഗതം നിയന്ത്രിക്കുകയും ചെയ്യണം. കുറുവയിലും തിരുനെല്ലിയിലും മറ്റും ടൂറിസം നടപ്പാക്കരുത്.

പാരിസ്ഥിതിക തകർച്ചമൂലം മാറാരോഗങ്ങൾ ബാധിച്ചും പട്ടിണി കിടന്നും നാശം നേരിടുന്ന ആദിവാസികളുടെ ഉൻമൂല നാശത്തിനിടയാക്കും ടൂറിസമെന്ന സമിതി വ്യക്തമാക്കി. ചർച്ചയിലുടനീളം ജില്ലാ കലക്ടർ നിഷേധാത്മകമായ നിലപാടാണ് കൈക്കൊണ്ടതെന്ന് വയനാട് പ്രകൃതിസംരക്ഷണ സമിതി പ്രസിഡൻറ് ബാബു മൈലമ്പാടിയും സെക്രട്ടറി തോമസ് അമ്പലവയലും ആരോപിച്ചു.

[illegible] വിപ്പു പോലും നൽകാൻ ക് പദ്ധതി പ്രകാരം വിവിധ [illegible]

# 'സൈലൻറ്‌വാലി മൊട്ടക്കുന്ന്; തിരുനെല്ലിയിൽ കാടില്ല'

കൽപറ്റ: ടൂറിസം വരുന്നതുകൊണ്ട് ഇനിയൊരു സദാചാര തകർച്ചയും സംഭവിക്കില്ല! ആദിവാസികൾ ഈ നിലയിൽ ജീവിക്കുന്നതിനേക്കാൾ നല്ലത് ഉന്മൂലനാശം സംഭവിക്കുന്നതാണ്! സൈലൻറ്‌വാലി മൊട്ടക്കുന്നല്ലേ! തിരുനെല്ലിയിൽ കാടില്ല -വയനാട് ജില്ലാ കലക്ടർ എസ്. സുബ്ബയ്യ പറയുന്നത് കേട്ട് ശ്രോതാക്കൾ അമ്പരന്നു.

ഇന്നലെ വയനാട് കലക്ടറേറ്റ് ഹാളിൽ ടൂറിസം വയനാടിന് ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നത്തെ കുറിച്ച് നടന്ന ചർച്ചയാണ് രംഗം. ജില്ലാ കലക്ടറും ടൂറിസം പ്രൊമോഷൻ കൗൺസിലിൻെറ ഉദ്യോഗസ്ഥരും വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ ഭാരവാഹികളും മറ്റും യോഗത്തിൽ പങ്കെടുത്തിരുന്നു.

ടൂറിസം ഉണ്ടാക്കുന്ന സദാചാര തകർച്ചയും പരിസ്ഥിതി പ്രശ്നങ്ങളും പ്രകൃതി സംരക്ഷണക്കാർ ഉന്നയിച്ചതോടെ കലക്ടറുടെ മട്ടുമാറി.

വഴിയിൽ കിടക്കുന്നവരും ഇതൊക്കെ പറയും -കലക്ടർ പറഞ്ഞു.

ചർച്ചക്കിടയിൽ സൈലൻറ് വാലി. സംരക്ഷണ സമരം ഒരു പരിസ്ഥിതി പ്രവർത്തകൻ പരാമർശിച്ചപ്പോൾ കലക്ടർ തട്ടിവിട്ടു. അതു മൊട്ടക്കുന്നല്ലേ?

ടൂറിസം വരുന്നതിന് മുമ്പും സദാചാരരഹിത സമൂഹം ഉണ്ടായിരുന്നു. 'കൊല്ലും കണ്ടാലില്ലും വേണ്ട' എന്ന പഴമൊഴി ഇതിന് തെളിവായി കലക്ടർ ചൂണ്ടിക്കാണിക്കുകയും ചെയ്തു.

വയനാട്ടിലെ അവിവാഹിതകളായ അമ്മമാരെ കുറിച്ച് പ്രകൃതി സംരക്ഷണ സമിതിക്കാർ ചൂണ്ടിക്കാണിച്ചപ്പോൾ കലക്ടർ വീണ്ടും ഇടഞ്ഞു. അവിവാഹിതരായ അമ്മമാർ കേരളത്തിലെ എല്ലാ സമൂഹങ്ങളിലും ഉണ്ടെന്നും ടൂറിസ്റ്റുകൾ വന്നതുകൊണ്ട് ഇനിയൊരു സദാചാരവും തകരില്ലെന്നും കലക്ടർ എസ്. സുബ്ബയ്യ അഭിപ്രായപ്പെട്ടു.

വയനാട് വിനോദ സഞ്ചാര മുക്തമാക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. പൂക്കോട് പ്രദേശത്തിൻെറ തകർച്ചക്ക് വിനോദ സഞ്ചാര വികസന പ്രവർത്തനങ്ങൾ കാരണമായെന്ന് സമിതി കുറ്റപ്പെടുത്തി.

കുറവ ദ്വീപിലും തിരുനെല്ലിയിലും ടൂറിസം നടപ്പാക്കരുതെന്ന് അവർ ആവശ്യപ്പെട്ടു. പൊതുവെ നാശോന്മുഖമാവുന്ന ആദിവാസി സമൂഹത്തിന് വിനോദ സഞ്ചാരത്തിൻെറ പേരിലുള്ള തലതിരിഞ്ഞ പ്രവർത്തനങ്ങൾ ഭീഷണിയാകുമെന്നും അവർ വാദിച്ചു.

## രാജവൃക്ഷങ്ങൾ ചുരമിറങ്ങുന്നു

സുൽത്താൻബത്തേരി: നൂറ്റാണ്ടുകളുടെ സാക്ഷികളായി വയനാടൻ കുന്നുകൾക്ക് മുകളിൽ തലയുയർത്തിനിന്ന രാജവൃക്ഷങ്ങൾ ഇനി ചുരമിറങ്ങുന്നു. അമ്പലവയൽ വിമുക്തഭട കോളനി ഭൂമികളിൽ നിന്ന് സർക്കാർ മുറിച്ചെടുത്ത വീട്ടിമരങ്ങൾ കയറ്റിയ ലോറികൾ ചാലിയം ഡിപ്പോ ലക്ഷ്യമാക്കി നീങ്ങിത്തുടങ്ങി.

ബീനാച്ചിയിലെ പരേതനായ നാരായണൻ നായരുടെ കോളനി ഭൂമിയിലെ മരങ്ങളാണ് ആദ്യമായി ചാലിയത്തേക്കു കൊണ്ടുപോയത്. അഞ്ചേക്കറോളം വരുന്ന കൃഷിഭൂമിയിൽ നിന്ന് 38 ക്യൂബിക് മീറ്റർ മരമാണ് മുറിച്ചെടുത്തത്.

മാസങ്ങളോളം വിവാദങ്ങൾക്കിടയിൽ കുടുങ്ങി അവസാനം മഴുവിനിരയായ വീട്ടിമരങ്ങളുടെ ആദ്യ ലോഡ് പുറപ്പെടുമ്പോൾ വനപാലകർക്ക് പുറമെ ബീനാച്ചി ഗ്രാമത്തിലെ വലിയൊരു ജനാവലിയും അതിനു സാക്ഷികളായി.

## ഓഫീസ് മാറ്റി

മാനന്തവാടി: തലപ്പുഴ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൻെറ ഓഫീസ് തലപ്പുഴ പോലീസ് സ്റ്റേഷൻ റോഡിലെ മുസ്‌ലീം പള്ളി വക കെട്ടിടത്തിലേക്കു മാറ്റി പ്രവർത്തനമാരംഭിച്ചു.

# യൂക്കാലിപ്റ്റസ് കൃഷിക്കെതിരേ പരിസ്ഥിതി സംഘടനകൾ

കൽപ്പറ്റ: ലോക ബാങ്കിൻെറ സഹായത്തോടെ സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഗിരിവർഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി സുഗന്ധഗിരിയിൽ യൂക്കാലി കൃഷി നടത്താനുള്ള നീക്കം തടയണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി കേരള വനംവകുപ്പ് മന്ത്രിയോടും ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോടും ആവശ്യപ്പെട്ടു.

യൂക്കാലിയുടെ ദോഷങ്ങളെ കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച മുൻ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന മാധവമേനോൻ നൽകിയ കമ്മീഷൻ റിപ്പോർട്ടിൽ യൂക്കാലി ഉണ്ടാക്കുന്ന പാരിസ്ഥിതിക നാശങ്ങൾ വ്യക്തമാക്കുകയും അതിൻെറ അടിസ്ഥാനത്തിൽ യൂക്കാലി കൃഷി യാതൊരു കാരണവശാലും നടത്തുന്നതല്ലെന്ന് സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തതാണ്.

ആദിവാസി വികസനത്തിന് വേണ്ടി രൂപംകൊടുത്ത സുഗന്ധഗിരി പ്രോജക്ട് ആദിവാസികളുടെ തടവറയായി മാറിക്കൊണ്ടിരിക്കുമ്പോൾ അവിടെ യൂക്കാലി കൃഷി വ്യാപിപ്പിച്ച് അവരുടെ കുടിവെള്ളം മുട്ടിക്കാൻ അധികൃതർ മുൻകൈയെടുക്കുന്നത് അപഹാസ്യമാണ്. വയനാട്ടിൽ യൂക്കാലി കൃഷി വ്യാപകമാക്കാനുള്ള നീക്കം അടിയന്തിരമായി ഉപേക്ഷിക്കാത്ത പക്ഷം ശക്തമായ പ്രക്ഷോഭമാരംഭിക്കാൻ വയനാട് പ്രകൃതിസംരക്ഷണ സമിതി നിർബന്ധിതരാകുമെന്ന് തോമസ് അമ്പലവയലിൻെറ പ്രസ്താവനയിൽ പറയുന്നു.

വനമേഖലയിൽ സ്വൈര്യമായി ജീവിച്ചുവന്നിരുന്ന ആദിവാസികളെ കൂട്ടിക്കൊണ്ടുവന്ന് കുടിയിരുത്തിയ സുഗന്ധഗിരി പ്രോജക്ടിനുള്ളിൽ യൂക്കാലി കൃഷി ഇറക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ അടിയന്തിരമായി പിന്മാറണമെന്ന് കേരള-പരിസ്ഥിതി പ്രവർത്തക സംഘം പ്രസിഡൻറ് ബേബി പോൾ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ലക്കിടിയെ പരിസ്ഥിതി തകർച്ചയിലേക്ക് വലിച്ചെറിയാൻ ഇടയുണ്ടാക്കുന്ന യൂക്കാലി കൃഷി ചെയ്യാനുള്ള നീക്കത്തെ എന്തുവിലകൊടുത്തും ചെറുക്കുമെന്ന് ഹരിത നേചർ ഫോറം പ്രസിഡൻറ് അബു പൂക്കോട് സംസ്ഥാന സർക്കാറിന് മുന്നറിയിപ്പ് നൽകി.

ആദിവാസി ക്ഷേമ പദ്ധതികളുടെ പേരിൽ സുഗന്ധഗിരിയിലും പഞ്ചാരക്കൊല്ലിയിലും യൂക്കാലിപ്റ്റസ് കൃഷി വ്യാപിപ്പിക്കാനുള്ള സോഷ്യൽ ഫോറസ്ട്രി വകുപ്പിൻെറ നീക്കം ഉപേക്ഷിക്കണമെന്ന് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് വയനാട് ജില്ലാ കമ്മിറ്റി അധികൃതരോട് ആവശ്യപ്പെട്ടു.



## കബളിപ്പിക്കുന്നുവെന്ന്

കൽപ്പറ്റ: ഇഞ്ചിനികുതി പ്രശ്നത്തിൽ കോൺഗ്രസ് (ഐ) എം.എൽ.എ. മാർ വയനാടൻ ജനതയെ കബളിപ്പിക്കുകയാണെന്ന് ജനതാദൾ നേതാവ് പൗലോസ് കുറുമ്പേമഠം ആരോപിച്ചു.

നികുതി ഒഴിവാക്കാൻ ഒരിക്കൽ വാദിച്ചവർ നികുതി നിലനിർത്താൻ ഇപ്പോൾ കിണഞ്ഞു പരിശ്രമിക്കുകയാണ്. മാത്രവുമല്ല നികുതി വിരുദ്ധ ജനകീയ പ്രക്ഷോഭത്തെ പിന്തുണച്ച കോൺഗ്രസ് (ഐ) യുടെ ഒരു വിഭാഗം ഇപ്പോൾ സമരത്തെ തള്ളിപ്പറയുകയാണ്. ഈ ഇരട്ടത്താപ്പു നയം കോൺഗ്രസുകാരായ കർഷകരിൽ ശക്തമായ എതിർപ്പുണ്ടാക്കിയെന്ന വസ്തുത മനസ്സിലാക്കിയപ്പോഴാണ് രാമചന്ദ്രൻ മാസ്റ്റർ കുത്തകകളെ സഹായിക്കാനാണ് സമരം എന്ന പുതിയ വ്യാഖ്യാനവുമായി രംഗത്തെത്തിയിരിക്കുന്നത്- പൗലോസ് ആരോപിച്ചു.

മാധ്യമം 93 ജൂൺ 3

# മുത്തങ്ങക്കടുത്ത് 'ഉല്ലമാൻ'

**സ്വന്തം ലേഖകൻ**

കൽപറ്റ: വയനാട്ടിൽ 'ഉല്ലമാൻ'! നാലു കൊമ്പുള്ള ഈ കൊച്ചുമൃഗം 'ബോസ്‌ലാഫിനെ' എന്ന ഉപകുടുംബത്തിലെ അംഗമാണ്. കേരളത്തിൽ ആദ്യമായാണ് 'നാല് കൊമ്പുള്ള ആൻറിലോപ്പിനെ' കണ്ടെത്തിയത്. ഈയിടെ നടന്ന വന്യജീവി സർവെയിൽ മുത്തങ്ങക്കടുത്താണ് ഇത് പ്രത്യക്ഷമായത്.

ആദിവാസികൾ 'ഉല്ലമാൻ' എന്നു വിളിക്കുന്ന ഇതിന് ഹിന്ദിയിൽ 'ചൗസിംഗ' എന്നും തമിഴിൽ 'നാൽകൊമ്പു മാൻ' എന്നും പേരുണ്ട്. ഇതിൻെറ രണ്ടു മുൻ കൊമ്പുകൾ വളരെ ചെറുതാണ്. യഥാർഥ മാൻ കുടുംബത്തിലല്ല 'നാൽകൊമ്പു മാനിനെ' കണക്കാക്കുന്നത്. പ്രത്യേക ഗ്രൂപ്പിലാണ് ഇതിൻെറ സ്ഥാനം. നീലക്കാള, ബോസ്‌ലാഫിനെ ഉപവിഭാഗത്തിലാണ് പെടുക. ഉല്ലമാൻ വർഗത്തിലെ പെണ്ണിന് കൊമ്പില്ല. എന്നാൽ ആണിന് നാലു കൊമ്പുകളുണ്ട്. ഇന്ത്യയിൽ മാത്രമേ ഈ 'നാൽകൊമ്പു മാനു'കളെ കണ്ടെത്തിയിട്ടുള്ളൂ.

ആണിനും പെണ്ണിനും പിൻകാലുകളിലെ കുളമ്പുകൾക്കിടയിൽ പ്രത്യേക ഗ്രന്ഥികളുണ്ട്. മറ്റു മൃഗങ്ങൾക്കൊന്നും ഇല്ലാത്ത പ്രത്യേകതയാണിത്. ഒറ്റക്കോ ജോഡിയായോ മാത്രം സഞ്ചാരം. പുല്ലു വളരുന്ന പ്രദേശത്താണ് ഇവയുടെ ആവാസം. ധാരാളം വെള്ളം കുടിക്കുന്ന സ്വഭാവവും ഇവക്കുണ്ട്.

കർണാടകയിലെ ബന്ദിപ്പൂർ, തമിഴ്നാട്ടിലെ മുതുമല റിസർവുകളിൽ അപൂർവമായി ഇവയെ കാണാം. ആണിന് പരമാവധി രണ്ടടി ഉയരവും തവിട്ടു കലർന്ന നിറവുമാണ്. പ്രായം കൂടുമ്പോൾ ആണിന് മഞ്ഞ നിറം വരും.

ഗുജറാത്ത്, മധ്യപ്രദേശ് നാഷനൽ പാർക്കുകളിൽ ഇവ വിരളമല്ല. 1985-ലെ വന്യജീവി സർവെ അനുസരിച്ച് ഗീർ വനത്തിൽ 1063 'ചൗസിംഗ'കൾ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

വയനാട്ടിലെ ആദിവാസികൾ ഇതിന് ഉല്ലമാനെന്നാണ് പേരിട്ടിട്ടുള്ളത്. ഇവ കേഴമാനാണെന്ന് (ബാർക്കിംഗ് ഡീർ) തെറ്റിദ്ധരിക്കാനിടയുണ്ട്. രണ്ടിൻെറയും ശബ്ദത്തിന് സാമ്യമുള്ളതിനാലാണിത്.

മലബാർ മേഖലയിൽ 'നാൽകൊമ്പു മാൻ' കാണപ്പെട്ടതായി ആധികാരിക രേഖയൊന്നുമില്ല. വയനാട്ടിൽ ഈയിടെ കണ്ടെത്തിയതോടെ കേരളത്തിനിത് റിക്കാർഡായി. വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം ബന്ദിപ്പൂർ, മുതുമല, 'നാഗർഹോളെ' റിസർവുകളോട് ചേർന്നാണ് കിടക്കുന്നത്. പശ്ചിമഘട്ടത്തിൻെറ പടിഞ്ഞാറു ഭാഗത്ത് ഇവയെ മുമ്പൊന്നും കണ്ടിട്ടില്ല.

നാലു കൊമ്പുള്ള ഏക മൃഗമാണ് 'ഫോർ ഹോൺഡ് ആൻറിലോപ്പ്'. ജന്തുശാസ്ത്രപരമായ നാമം- 'ടെട്രാസെർനസ് ക്വാർഡ്റി ക്വാമസ്'. ശരാശരി ഭാരം 16 കിലോ വരും. ഇതിൻെറ ചിത്രം പോലും അപൂർവമത്രെ.

ഉല്ലമാനിനെ ചിലർ കൃഷ്ണമൃഗമായി (ബ്ലാക്ക് ബക്ക്) ചിത്രീകരിക്കാറുണ്ട്. ഇതു ശരിയല്ലെന്ന് വിദഗ്ധർ പറയുന്നു. 'ബ്ലാക്ക് ബക്ക്' മാൻ കുടുംബത്തിലാണ്. പക്ഷേ 'ഫോർ ഹോൺഡ് ആൻറിലോപ്പ്' പ്രത്യേക ഉപകുടുംബത്തിലാണ്, 'നീലക്കാള'യെപ്പോലെ.

കൃഷ്ണമൃഗം യഥാർഥത്തിൽ ആൻറിലോപ്പ് ജനുസ്സിലാണ്. വളയങ്ങളുള്ള കൊമ്പുകളായിരിക്കും കൃഷ്ണമൃഗത്തിന്. എന്നാൽ ഉല്ലമാനെന്ന് വിളിക്കുന്ന ചൗസിംഗക്ക് കൊമ്പുകളിൽ വളയമില്ല. അതിനാൽ ഇവയെ പ്രത്യേക ഉപകുടുംബത്തിലാണ് വന്യജീവികളെക്കുറിച്ച് പഠനം നടത്തുന്ന വിദഗ്ധർ ചേർത്തിട്ടുള്ളത്.



*കേരളത്തിൽ ആദ്യമായി കണ്ടെത്തിയ നാൽകൊമ്പു മാൻ*

# അനധികൃത മരം മുറിക്ക് അധികൃതരുടെ ആശീർവാദവും

കൽപ്പറ്റ: അനധികൃത മരം മുറി വിവാദങ്ങൾക്കിടയാക്കിയിരിക്കുന്ന വയനാട്ടിൽ നിയമങ്ങൾ കാറ്റിൽ പറത്തി നടന്നു വരുന്ന മരം മുറിയും അതിനായി മരം ലോബികളെ സഹായിക്കുന്ന വകുപ്പുദ്യോഗസ്ഥരുടെയും ബന്ധപ്പെട്ടവരുടെയും പ്രവർത്തനങ്ങളും നിർബാധം തുടരുകയാണ്.

'മരംമുറി' വിവാദത്തിന് തിരശീലയിടാനും കുഴപ്പക്കാരായ പത്രലേഖകരെ കൈപ്പിടിയിലൊതുക്കാനും 'മന്ത്രിമന്ദിര' ലോബിയുടെ പ്രവർത്തനവും സജീവം. വനാതിർത്തിയോട് ചേർന്ന് തർക്കത്തിലുള്ള ഏലത്തോട്ടങ്ങൾ വെട്ടിവെളുപ്പിക്കാൻ കള്ളക്കടത്ത് ലോബിക്ക് സർവപിന്തുണയും നൽകുന്ന വനം വകുപ്പുദ്യോഗസ്ഥൻമാർക്ക് 'ഗുഡ് സർവീസ് എൻട്രി'യും കിട്ടുന്നു. പ്രകൃതിസ്നേഹികളെയും പരിസ്ഥിതി പ്രവർത്തകരെയും അമ്പരപ്പിക്കും വിധം അവരുടെ പ്രതിഷേധങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കാതെ നടന്നുവരുന്ന വ്യാപകമായ മരംമുറിക്ക് ഭരണകേന്ദ്രങ്ങളിൽ ഉള്ളവരുടെ പോലും ആശീർവാദം ഉണ്ടെന്നതാണ് പറയപ്പെടുന്നത്.

ജില്ലയിൽ ഏറെ കോളിളക്കം സൃഷ്ടിച്ച വട്ടപ്പാറ എസ്റ്റേറ്റിൽ മരം മുറി തുടരുന്നത് ഇതുകൊണ്ടാണെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി ചൂണ്ടിക്കാട്ടുന്നു. കുന്നത്തിടവക വില്ലേജിൽ സർവേ 337-ലെ 'ബി ആൻറ് ആർ. ബ്രദേഴ്സ്' എസ്റ്റേറ്റിനോട് ചേർന്ന് കിടക്കുന്ന അൻപത് ഏക്കറിലധികം വരുന്ന വനഭൂമി വെട്ടിവെളുപ്പിക്കപ്പെട്ടിട്ടും സൗത്ത് വയനാട് ഡി.എഫ്.ഒ. ഉൾപ്പെടെയുള്ള വനം വകുപ്പുദ്യോഗസ്ഥൻമാർക്ക് മൗനം. എസ്റ്റേറ്റിലെ മരങ്ങൾ മുറിക്കുന്നതിൻെറ മറവിൽ തർക്കത്തിലുള്ള വനഭൂമി വെട്ടിവെളുപ്പിക്കുന്ന മരലോബിയിലെ പ്രധാനി ഒരു കോൺഗ്രസ് (ഐ) നേതാവാണെന്നതിനാൽ ഉദ്യോഗസ്ഥൻമാർക്ക് ചെറുവിരൽ അനക്കാൻ കഴിയുന്നില്ലെന്നാണ് വനം വകുപ്പിൻെറ ഒരു വക്താവ് പറയുന്നത്. എന്നാൽ പഴയ മരങ്ങളെന്ന പേരിൽ എസ്റ്റേറ്റിലെ 923 മരങ്ങൾക്ക് കട്ടിംഗ് പെർമിറ്റ് നൽകിയ വകയിൽ മേപ്പാടി ഫോറസ്റ്റ് റേഞ്ച് ഓഫീസ് മുതൽ വനം മന്ത്രിയുടെ ഓഫീസ് വരെ പണമൊഴുകിയ കഥയ്ക്കാണ് പ്രധാന്യമേറെ. അവശ്യ വസ്തു നിയമ പ്രകാരം ആർ.ഡി.ഒ. തടഞ്ഞ മരം മുറി കലക്ടർ പിൻവലിക്കാൻ നിർദ്ദേശിച്ചതിന് പിന്നിലും രാഷ്ട്രീയക്കളി തന്നെ.

അവശ്യവസ്തു നിയന്ത്രണനിയമവും ഭൂവിനിയോഗ ഉത്തരവും ലംഘിച്ചുകൊണ്ട് മരം മുറി നടക്കുന്ന കെ.പി. ആർ.എം., അരുണഗിരി, മുന്നൂറ്, കല്ലാടി, പേര്യയിലെ കുട്ടി തുടങ്ങിയ എസ്റ്റേറ്റുകൾക്കെതിരെ യാതൊരു നടപടിയും എടുക്കാൻ വനം വകുപ്പ് തയ്യാറാകുന്നില്ല.

വിതരണം ചെയ്ത കട്ടിംഗ് പെർമിറ്റിൻെറ ഇരട്ടിയിലധികം മരങ്ങൾ മുറിച്ചു നീക്കപ്പെട്ടതും വനം വകുപ്പുദ്യോഗസ്ഥൻമാർ അതിനൊക്കെ നിയമത്തിൻെറ പിൻബലമുണ്ടെന്ന അവകാശവാദമാണ് ഉന്നയിക്കുന്നത്. മണ്ണും മരവും പ്രകൃതിയും തമ്മിലുള്ള ബന്ധവും അതുവഴി പ്രകൃതിയുടെ താളവും പിഴയ്ക്കും വിധമാണ് വനാതിർത്തികളിലും വനഭൂമിയിലും മരം മുറി നടന്നു വരുന്നത്. ഇതു സംബന്ധിച്ചു പത്രവാർത്തകൾ വരാതിരിക്കാനും കള്ളക്കടത്തു ലോബി ശ്രമിക്കുന്നതായാണറിവ്.

## ചരമവാർഷികം

തളിപ്പറമ്പ്: അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന പപ്പാരട്ട നാരായണൻ മണിയാണിയുടെ 28-ാം ചരമവാർഷികം ആചരിച്ചു.

കോരൻ പീടികയിൽ ചേർന്ന അനുസ്മരണ പൊതുയോഗത്തിൽ കെ.വി. ബാലകൃഷ്ണൻ മാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. വാടി രവി, പി.വി. പാത്തുക്കുട്ടി, എം. കുമാരൻ, പരിയാരം പഞ്ചായത്ത് പ്രസിഡൻറ് കെ.വി. ഗോപാലൻ തുടങ്ങിയവർ പ്രസംഗിച്ചു. എ.വി. ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു.

## പരാതി നൽകി

തളിപ്പറമ്പ്: താൻ വെള്ളം കോരുന്ന കിണറിന് സമീപം കുഴിയുണ്ടാക്കി തേങ്ങയുടെ തൊണ്ടു നിക്ഷേപിച്ച് മനഃപൂർവം കുടിവെള്ളം മുട്ടിക്കുന്നതായി പാപ്പിനിശേരിക്കടുത്ത പൊടിക്കളത്തെ കേളു അധികൃതർക്ക് പരാതി നൽകി.

## രജിസ്റ്റർ ചെയ്യണം

കണ്ണൂർ: ടാക്സി ഓട്ടോറിക്ഷാ മീറ്ററുകൾ രജിസ്റ്റർ ചെയ്യാൻ ബാക്കിയുള്ള വാഹന ഉടമകൾ അതത് താലൂക്കുകളിലെ അളവു തൂക്ക ഇൻസ്പെക്ടർമാരുടെ ഓഫീസുകളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം രജിസ്റ്റർ ചെയ്യണം. വീഴ്ച വരുത്തുന്നവരുടെ വാഹനങ്ങൾ പിടിച്ചെടുത്ത് നിയമ നടപടികൾ സ്വീകരിക്കുമെന്ന് അളവുകളും തൂക്കങ്ങളും അസിസ്റ്റൻറ് കൺട്രോളർ അറിയിച്ചു.

ടാക്സി ഓട്ടോറിക്ഷാ മീറ്ററുകളുടെ പരിശോധനയുടെ ഭാഗമായി നടത്തുന്ന രജിസ്ട്രേഷൻ ജില്ലയിലെ എല്ലാ താലൂക്കുകളിലും തുടരുന്നു.

2/6/93